ന്നത്. വാട്ടർ ബോർഡ് രൂപീകരിച്ചുകൊണ്ട് ഒരു പ്രത്യേക ജലസംഭരണിയുടെ ആവശ്യമില്ലാതെ തന്നെ കൊല്ലം പട്ടണത്തിൽനിന്നും ഇവിടേയ്ക്ക് വെള്ളം കൊടുക്കാൻ കഴിയുമെന്നുള്ളതുകൊണ്ട് അതു നടപ്പാക്കാൻ തയ്യാറാകുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അത് ഈ ചോദ്യവുമായി ബന്ധപ്പെട്ടതല്ല.

ശ്രീ. ഇ. പി. ഗോപാലൻ: ശുദ്ധജല വിതരണ പദ്ധതി ഏർപ്പാടു ചെയ്യുമ്പോൾ വാട്ടർ റിസോഴ്സസ് ഇല്ലാത്ത സ്ഥലത്ത് ഓവർ ഹെഡ് ടാങ്ക് കെട്ടി അവിടെ വെള്ളമില്ലാതെവരുന്നതാണ് ഈ പദ്ധതിയുടെ പ്രോബ്ലം എന്നുള്ളതു മനസ്സിലാക്കി അതിനു പരിഹാരമുണ്ടാക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വെള്ളം ഉണ്ടോ എന്നു ആദ്യം കണ്ടുപിടിക്കും. പക്ഷേ കുഴിക്കുമ്പോൾ വെള്ളം കണ്ടില്ലെന്നുവരും. ആ പ്രോബ്ലത്തിനു പരിഹാരമില്ല സർ

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: നേരത്തെ തുടങ്ങിയ പല പദ്ധതികളും വെള്ളം ലഭിക്കാത്തതുകൊണ്ട് പ്രയോജന രഹിതമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉദാഹരണത്തിന് കൊട്ടാരക്കര പഞ്ചായത്തിൽ ആരംഭിച്ച ശുദ്ധജല വിതരണ പദ്ധതിയിൽനിന്നും ഒട്ടും വെള്ളം ലഭിക്കുന്നില്ലെന്നുള്ളതു കണക്കിലെടുത്ത് ശാസ്താംകോട്ടയിൽനിന്നോ പുനലൂരിൽ നിന്നോ വെള്ളം കൊണ്ടുവന്ന് ഈ പദ്ധതിക്ക് വെള്ളം എത്തിക്കണമെന്ന നിവേദനത്തിനു മുൻഗണന കൊടുത്ത് നടപ്പിലാക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അത് ഈ പദ്ധതിയിൽ പെട്ടതാണോ എന്ന് അറിഞ്ഞുകൂടാ. പെട്ടതാണെങ്കിൽ അന്വേഷിച്ചു വേണ്ടതു ചെയ്യാം.

ഗവൺമെന്റ് ഡോക്ടർമാർ പ്രൈവറ്റ് പ്രാക്ടീസ് ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ

*802 [871] ശ്രീ. പി. പി. എസ്തോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സർവ്വീസിലെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ സഹകാര്യ ആശുപത്രികളിൽ വിസിറ്റിംഗ് സർജന്മാരായോ പാർട്ട് ടൈം കാരായോ ജോലി നോക്കുന്നതിനു നിയമം ഉണ്ടോ;

(ബി) അങ്ങനെ ഉണ്ടെങ്കിൽ അവർ അത്തരം സ്ഥാപനങ്ങളിൽ നിന്നും പ്രതിഫലം വാങ്ങുന്നതിനു നിയമമുണ്ടോ;

(സി) പ്രതിഫലം വാങ്ങുകയാണെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗം ഗവൺമെന്റിൽ അടയ്ക്കേണ്ടതുണ്ടോ;

(ഡി) പാർട്ട് ടൈം ആയോ വിസിറ്റിംഗ് സർജന്മാരായോ ജോലി നോക്കുന്നതിന് ഗവൺമെന്റ് അംഗീകാരം ആവശ്യമുണ്ടോ;

(ഇ) ഏതെങ്കിലും സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ഗവൺമെന്റിന്റെ അംഗീകാരം വാങ്ങാതെയും നിയമപ്രകാരമുള്ള വിഹിതം അടയ്ക്കാതെയും ഉണ്ടായിട്ടുള്ള വല്ല കേസ്സുകളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ട് യാതൊരു നടപടിയും എടുക്കാത്തതിനെപ്പറ്റി ഡിപ്പാർട്ടുമെന്റ് അധികാരികൾ ഗവൺമെന്റിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ:

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഉണ്ടെങ്കിൽ എന്തു നടപടി അങ്ങനെയുള്ള ഡോക്ടർ മാരുടെ പേരിൽ എടുത്തു എന്ന് വ്യക്തമാക്കുമോ?

പൊതുജനാരോഗ്യ വകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ, ബി) ഉണ്ട്.

(സി) ഗവൺമെൻറു മറിച്ചു തീരുമാനിക്കുന്നില്ലെങ്കിൽ കെ. എസ്. ആർ. ഒന്നാം ഭാഗത്തിൽ 48-ാം റൂൾ അനുസരിച്ച് പ്രതിഫലം ഒരു നിശ്ചിത തുകയിൽ കൂടുതൽ ആണെങ്കിൽ മൂന്നിലൊന്നു വിഹിതം സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

(ഡി) ആവശ്യമാണ്.

(ഇ, എഫ്) ജെ. എൻ. എം. ഹോസ്പിറ്റൽ, ഉദ്യോഗമണ്ഡൽ, കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ പാർട്ട് ടൈം അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ചില ഡോക്ടർമാർക്ക് അവിടെ നിന്നും 16-12-67 മുതൽ 31-3-76 വരെ കിട്ടിക്കൊണ്ടിരുന്ന പ്രതിഫലത്തിന്റെ വിഹിതം ഗവൺമെൻറിൽ ഒടുക്കാത്തതിനെപ്പറ്റി ഗവൺമെൻറ് പരിഗണിക്കുകയും ആ കാലഘട്ടത്തേയ്ക്കുള്ള വിഹിതം അടയ്ക്കേണ്ടതില്ലെന്ന് 30-8-76-ൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പി. പി. എസ്തോസ്: നമ്മുടെ സംസ്ഥാനത്തെ ഡോക്ടർമാരുടെ പ്രത്യേകിച്ചും സ്പെഷ്യലിസ്റ്റുകളുടെ സേവനം നമ്മുടെ ഗവൺമെൻറ് ആശുപത്രികളിൽ ആവശ്യമായിരിക്കെ ഇവരുടെ സേവനം സ്വകാര്യാശുപത്രികളിൽ ഒരു വ്യവസായ സ്ഥാപനം എന്നുള്ള നിലയിൽ ഉപയോഗപ്പെടുത്തി വരുന്നുണ്ട്. അതുകൊണ്ട് ഈ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെയെങ്കിലും പ്രൈവറ്റ് പ്രാക്ടീസ് അനുവദിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. പി. പ്രഭാകരൻ: സ്പെഷ്യലിസ്റ്റുകളായാലും മറ്റു ഡോക്ടർമാരായാലും പാർട്ട് ടൈം ആയിട്ട് മറ്റു സ്ഥാപനങ്ങളിൽ ജോലി ചെയ്യാൻ വിടുന്നതുകൊണ്ട് ഗവൺമെൻറ് ആശുപത്രിയിലുള്ള അവരുടെ ഡ്യൂട്ടിക്കു തടസ്സമുണ്ടാകുന്നില്ല. ഡ്യൂട്ടി സമയം കഴിഞ്ഞുള്ള സമയത്താണ് ഇതിനുള്ള സാങ്ഷൻ കൊടുക്കുന്നത്. ഡ്യൂട്ടി സമയം കഴിഞ്ഞു ബാക്കി സമയം അതുപോലുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതുകൊണ്ട് ഗുണമുണ്ടെന്നാണ് ഗവൺമെൻറിന്റെ അഭിപ്രായം. കാരണം അവിടെ ചികിൽസക്കു വരുന്നതും കേരളത്തിലെ ജനങ്ങളാണ്. അതുകൊണ്ട് ഇതിൽ അപാകത ഇല്ലെന്നാണ് ഗവൺമെൻറിന്റെ അഭിപ്രായം.

ശ്രീ. പി. പി. എസ്തോസ്: ഇ-എഫ് ന്റെ മറുപടിയായി ഗവൺമെൻറിലേക്ക് അടയ്ക്കേണ്ട സംഖ്യ വേവ് ചെയ്തു കൊടുത്തു എന്ന് ഒരു ജി. ഒ. കോട്ട് ചെയ്തുകൊണ്ട് മന്ത്രി പറഞ്ഞു. അങ്ങനെ ഇളവുചെയ്തുകൊടുക്കുന്നതിന് ഡോക്ടർമാർ അപേക്ഷ സമർപ്പിച്ചിരുന്നോ? അങ്ങനെ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിലാണോ അതോ മറ്റുവല്ല താത്പര്യത്തിന്റെയും അടിസ്ഥാനത്തിലാണോ ഇളവ് ചെയ്തുകൊടുത്തത്?

ശ്രീ. കെ. പി. പ്രഭാകരൻ: ഇളവുചെയ്ത് കിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ കൊടുത്തിരുന്നു എന്നുള്ളത് ശരിയാണ്. എറണാകുളം ഡിസ്ട്രിക്ട് ഹോസ്പിറ്റലിൽ ജോലിചെയ്തിരുന്ന വരാണ് ഉദ്യോഗമണ്ഡലിൽ ഉള്ള ജെ. എൻ. എം. ഹോസ്പിറ്റലിലും

LIBRARY ARCHIVES Kerala Legislative Assembly

കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഹോസ്പിറ്റലിലും പോയി ജോലി ചെയ്തിരുന്നത്. അവിടേക്ക് പോകുന്നതിന് ഇവർക്ക് പ്രത്യേകിച്ച് കൺവേയൻസ് അലവൻസോ ഒന്നും കൊടുത്തിരുന്നില്ല. അവർക്ക് കിട്ടുന്നതിൽ നല്ലൊരുഭാഗം കൺവേയൻസ് ഇനത്തിൽ ചെലവാക്കുന്നുണ്ട്. അതുകൊണ്ട് ഇളവുചെയ്യണമെന്നപേക്ഷിക്കുകയും അതിൻമേൽ തീരുമാനമെടുക്കുകയുമാണ് ചെയ്തത്.

ശ്രീ. ടി. എം. ജേക്കബ്: നമ്മുടെ സർക്കാരാശുപത്രികളിലെ സ്പെഷ്യലിസ്റ്റുകളായ ഡോക്ടർമാർ രോഗികളെ വീട്ടിൽവച്ച് (പ്രൈവറ്റ് പ്രാക്ടീസ്) പരിശോധിക്കുകയും അവിടെ നിന്നും ഹോസ്പിറ്റലിൽ അഡ്മിറ്റുചെയ്യുകയും ചെയ്യുന്ന പ്രവണത ഇന്ന് നിലവിലുണ്ട്. അതുകൊണ്ട് ഈ പ്രൈവറ്റ് പ്രാക്ടീസ് നിറുത്തൽ ചെയ്യാൻ അടിയന്തിര നടപടിയെടുക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: പ്രൈവറ്റ് പ്രാക്ടീസ് അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ വീട്ടിൽ വച്ച് പരിശോധിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്. പ്രൈവറ്റ് പ്രാക്ടീസ് നിറുത്തുന്നതിന് തടസ്സമായി നിൽക്കുന്ന പല കാര്യങ്ങളുമുണ്ട്. ഡോക്ടർമാരുടെ സംഘടനതന്നെ അതിനനുകൂലമായിവച്ച ഒരു കണ്ടീഷൻ ഇന്നുള്ള ശമ്പളം വർദ്ധിപ്പിക്കണമെന്നതാണ്. ഇന്നുള്ള ശമ്പളസ്കെയിൽ നിലനിർത്തിക്കൊണ്ട് പ്രൈവറ്റ് പ്രാക്ടീസ് നിർത്തലാക്കാൻ സാധിക്കുകയില്ല. അതൊക്കെ പരിശോധിച്ച് തീരുമാനിച്ചശേഷം മാത്രമേ ഇതു നിറുത്തലാക്കാനൊക്കുകയുള്ളൂ.

ശ്രീ. കെ. പി. നൂറുദ്ദീൻ: പുറത്തുപോയി പ്രവർത്തിയെടുക്കുന്ന സ്പെഷ്യലിസ്റ്റുകളായ ഡോക്ടർമാർ അവർക്കു കിട്ടുന്ന പ്രതിഫലം നിശ്ചിതസംഖ്യയിൽ കൂടുതലാണെങ്കിൽ ഒരു ഭാഗം ഗവൺമെൻറിലേക്ക് അടയ്ക്കണമെന്ന് വ്യവസ്ഥയുണ്ടെന്നു പറഞ്ഞു. ഈ ഇനത്തിൽ എത്ര രൂപ കിട്ടുന്നുണ്ട്? എത്ര ഡോക്ടർമാർ അങ്ങനെ അടയ്ക്കുന്നുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ: പുറമേപോയി ജോലിയെടുക്കുന്നവർ വിഹിതമടയ്ക്കുന്ന കാര്യമല്ല ഞാൻ പറഞ്ഞത്. നമ്മുടെ സംസ്ഥാനത്തിനകത്ത് ജോലിനോക്കുന്ന ഡോക്ടർമാർ അവരുടെ ഡ്യൂട്ടിക്ക് തടസ്സമാകാത്ത വിധത്തിൽ ഒരു പ്രൈവറ്റ് സ്ഥാപനത്തിൽ പണിയെടുക്കുകയാണെങ്കിൽ അതിനുകിട്ടുന്ന പ്രതിഫലം ഒരു നിശ്ചിത സംഖ്യയിൽ കൂടുതലാണെങ്കിൽ അതിന്റെ മൂന്നിലൊരു ഭാഗം അവരുടെ കൈയിൽ നിന്ന് ഈടാക്കാമെന്നുള്ള റൂൾസ് ഉണ്ട്. അതാണ് ഞാൻ പറഞ്ഞത്.

ശ്രീ. ചടയൻ ഗോവിന്ദൻ: ഈ സംഖ്യ ഇളവുചെയ്യണമെന്ന് പറഞ്ഞ് ഏതെല്ലാം ഡോക്ടർമാരാണ് അപേക്ഷിച്ചിരുന്നത്, ആർക്കെല്ലാമാണ് അത് അനുവദിച്ചുകൊടുത്തത്?

ശ്രീ. കെ. പി. പ്രഭാകരൻ: മൂന്നുപേരുടെ പേരുകളാണ് ഉള്ളത്. ഡോ: മുകുന്ദൻ, ഡോ: കെ. പി. മാത്യു, ഡോ: കെ. ഗോപാലകൃഷ്ണൻ.

ശ്രീ. ടി. എ. പരമൻ: ഗവൺമെൻറ് ഡോക്ടർമാരുടെ സർവ്വീസ് പ്രൈവറ്റ് സ്ഥാപനത്തിന് നൽകുമ്പോഴാ അവരുടെ പോക്കുവരവിനുള്ള കാശ്കൂടി ഗവൺമെൻറ് ഈടാക്കുന്നത് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ: എന്തടിസ്ഥാനത്തിലാണ് അപേക്ഷിച്ചത് എന്നുള്ളതിന്റെ മറുപടിയാണ് ഞാൻ പറഞ്ഞത്. ഗവൺമെന്റ് അത് ഇളവുചെയ്തു കൊടുക്കുകയും ചെയ്തു.

ശ്രീ. പി. ശങ്കർ: നിയമപ്രകാരം വിഹിതം അടയ്ക്കാനുള്ള സംഖ്യ വിട്ടുകൊടുത്തു എന്നു പറഞ്ഞു. ആരാണ് ഇങ്ങനെയൊരു തീരുമാനമെടുത്തത്? ഗവൺമെന്റാണോ; ഡിപ്പാർട്ടുമെന്റാണോ?

ശ്രീ. കെ.പി. പ്രഭാകരൻ: റൂൾസ് അനുസരിച്ച് ക്യാബിനറ്റ് തീരുമാനിക്കേണ്ടതാണെന്ന് കാണുന്നില്ല. ഫയൽ പരിശോധിച്ചതിൽ ക്യാബിനറ്റിന്റെ അംഗീകാരത്തിനായി അയച്ചതായിട്ട് കാണുന്നില്ല. ആരോഗ്യവകുപ്പാണ് തീരുമാനമെടുത്തത്. ഫൈനാൻസിന്റെ അംഗീകാരവും കൂടി വേണ്ടതാണ്; ഫൈനാൻസ് അംഗീകരിച്ചതായി ഫയലിൽ കാണുന്നുണ്ട്.

ശ്രീ. കെ. സുകുമാരനുണ്ണി: ആരോഗ്യവകുപ്പിൽ ഡോക്ടർമാർക്ക് പ്രൈവറ്റ് പ്രാക്ടീസ് അനുവദിച്ചിട്ടുള്ളതുപോലെ മറ്റു ഡിപ്പാർട്ടുമെന്റുകളിലും (അധ്യാപകർ, സർക്കാരുദ്യോഗസ്ഥൻമാർ മുതലായവർ) അനുവദിക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: മറ്റു ഡിപ്പാർട്ടുമെന്റുകളുടെ കാര്യത്തിൽ മറുപടി പറയാൻ എനിക്ക് കഴിയുകയില്ല.

ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ട്

* 803 [872] ശ്രീ. ടി. എം. ജേക്കബ്: താഴെകാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യമന്ത്രി സദയം മറുപടി നൽകുമോ:

ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ട് നടപ്പിലാക്കുന്നതിന് മുൻപ് സർക്കാർ നിശ്ചയിച്ച വിദഗ്ദ്ധ കമ്മിറ്റി സമർപ്പിച്ച ശുപാർശ എന്തെല്ലാം?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

ടി ആക്ട് ആയുർവ്വേദത്തിനുകൂടി നടപ്പിലാക്കുന്നതിനു മുൻപ് വിദഗ്ദ്ധക്കമ്മിറ്റി സമർപ്പിച്ച ശുപാർശകളും അനുബന്ധമായി ചേർത്തിട്ടുണ്ട്. *

ശ്രീ. ടി. എം. ജേക്കബ്: വിദഗ്ദ്ധക്കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ്? ആ കമ്മിറ്റി എന്നാണ് ഗവൺമെന്റിലേക്ക് റിപ്പോർട്ട് സമർപ്പിച്ചത്?

ശ്രീ. കെ. പി. പ്രഭാകരൻ: ഡോ: പി. വി. വർക്കി, മുൻ ആയുർവ്വേദകോളേജ് വൈസ്പ്രിൻസിപ്പൽ, ഡോ: രാജഗോപാൽ, ഡോക്ടർ ശാന്തകുമാരി, പപ്പുവൈദ്യർ, ഡ്രഗ്സ് കൺട്രോളർ, എ. എസ്. മാധവൻപിള്ള, പി. കെ. ബാലകൃഷ്ണൻ നായർ.

ശ്രീ. ടി. എം. ജേക്കബ്: സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിലെ 21 ശുപാർശകളിൽ ഏതെല്ലാമാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്, എന്നത്തേക്ക് നടപ്പിലാക്കും?

---

* അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly